LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷങ്ങളിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽനിന്നോ പെൻഷനോ മറ്റ് കോവിഡ് സാമ്പത്തിക സഹായമോ ലഭിക്കാത്ത വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1000/- രൂപ കോവിഡ്- 19 ലോക്ക് ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധി വഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുമുണ്ട്. ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള വ്യവസായ സംരംഭകരെ കോവിഡ് പ്രതിസന്ധിയിൽ സംരക്ഷിക്കുന്നതിനായി ലോണിന്റെ നിശ്ചിത ശതമാനം സർക്കാർ വഹിക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങളടങ്ങിയ പാക്കേജും സർക്കാരിന്റെ പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി

29(*479) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എച്ച്. സലാം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി മാറ്റുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാദ്ധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവ സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാദ്ധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം,

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 248.79 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി ആവശ്യാനുസരണം അനുവദിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. മുൻസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്തുവർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർപ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ വരുംവർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തുമുണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെയായിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി ഒന്നാംഘട്ട അവതരണം നടത്തിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാനുകൾ സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതാത് മേഖലകളിലെ സാങ്കേതിക വിദഗ്ധരടങ്ങിയ കമ്മിറ്റി പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്കുശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർപ്ലാനിന്റെ ഭാഗമായി കയറ്റുമതി സാദ്ധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുമുണ്ട്.